രായ വെറ്ററിനറി ഡോക്ടർമാർക്ക് വിവിധ കേന്ദ്രങ്ങളിൽ വച്ച് പദ്ധതി നടത്തിപ്പിനെ സംബന്ധിച്ച് രണ്ട് ഘട്ടങ്ങളായുള്ള പരിശീലനം നൽകി. പദ്ധതിയെ സംബന്ധിച്ച ബഹുവർണ്ണ പോസ്റ്ററുകൾ മൃഗാശുപത്രികളിലും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലും പരസ്യപ്പെടുത്തി. കഴിഞ്ഞ സാമ്പത്തിക വർഷത്തിൽ ജനകീയാസൂത്രണ പദ്ധതിയിലുൾപ്പെടുത്തി സംസ്ഥാനത്തെ 479 തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ഈ പദ്ധതി നടത്തിപ്പിനുള്ള പ്രോജക്ട് തയ്യാറാക്കി പദ്ധതി വിഹിതം മാറ്റിവച്ചു. ഈ വർഷവും പദ്ധതി തുടർന്നു നടപ്പിലാക്കി വരികയാണ്.

14 (*407) ചെറുകിട തുറമുഖങ്ങളുടെ വികസനം

പ്രൊഫ. എ.വി. താമരാക്ഷൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സ്പോർട്ട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ ചെറുകിട തുറമുഖങ്ങൾ വ്യവസായവുമായി ബന്ധപ്പെടുത്തി വികസിപ്പിക്കുന്നതിന് സ്വകാര്യ നിക്ഷേപകരെ ആകർഷിക്കാൻ എന്തെല്ലാം നടപടികളാണ് ഗവൺമെന്റ് സ്വീകരിച്ചിട്ടുള്ളത് എന്ന് വ്യക്തമാക്കാമോ;

(ബി) ഏതെല്ലാം തുറമുഖങ്ങളെ സംബന്ധിച്ചാണ് ഇതിനകം ബി.ഒ.ടി ഒപ്പുവച്ചിട്ടുള്ളത് എന്ന് വ്യക്തമാക്കാമോ;

(സി) കൊടുങ്ങല്ലൂർ, തങ്കശ്ശേരി, വിഴിഞ്ഞം തുടങ്ങിയ പോർട്ടുകളുടെ വികസനം സംബന്ധിച്ച ബി.ഒ.ടി. എന്നത്തേയ്ക്ക് ഒപ്പിടാൻ കഴിയും എന്ന് വ്യക്തമാക്കാമോ;

(ഡി) കായംകുളം ഒരു മൈനർ പോർട്ടായി എന്നാണ് പ്രഖ്യാപിച്ചത്;

(ഇ) കായംകുളം തുറമുഖം വികസിപ്പിക്കുന്നതിന് കേന്ദ്ര ഗവൺമെന്റ് എന്തെങ്കിലും പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം വ്യക്തമാക്കാമോ?

ആരോഗ്യവും സ്പോർട്ട്സും വകുപ്പുമന്ത്രി (ശ്രീ. എ.സി. ഷൺമുഖദാസ്) :

(എ) സംസ്ഥാനത്തെ ചെറുകിട തുറമുഖങ്ങൾ വ്യവസായവുമായി ബന്ധപ്പെടുത്തി വികസിപ്പിക്കുന്നതിന് സ്വകാര്യ നിക്ഷേപകരെ ആകർഷിക്കുന്നതിന് ഒട്ടേറെ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. പ്രധാന ആകർഷണങ്ങൾ

1. ദീർഘകാല അടിസ്ഥാനത്തിൽ തുറമുഖ സ്ഥാപനത്തിനും വ്യവസായ സ്ഥാപനത്തിനും ആവശ്യമായ തുറമുഖ ഭൂമി പാട്ടത്തിനു നൽകുക

2. നിക്ഷേപത്തിന്റെ തോതനുസരിച്ച് പ്രത്യേകിച്ചും നിക്ഷേപവും, നിശ്ചിത റിട്ടേണും (ഐ.ആർ.ആർ.) കിട്ടത്തക്ക വിധം ബി.ഒ.ടി. കാലാവധി നിശ്ചയിക്കുന്നതിനുള്ള അവസരം.

(ബി) ബേപ്പൂർ തുറമുഖത്തിന്റെ വികസനത്തിനുവേണ്ടിയുള്ള ബി.ഒ.ടി. എഗ്രിമെന്റ് മാത്രമേ ഒപ്പുവച്ചിട്ടുള്ളൂ. ഈ എഗ്രിമെന്റ് 4.3.98-ൽ ഒപ്പുവച്ചു.

(സി) കൊടുങ്ങല്ലൂർ, തങ്കശ്ശേരി, വിഴിഞ്ഞം തുടങ്ങിയ തുറമുഖങ്ങളുടെ വികസനത്തിനുവേണ്ടിയുള്ള ബി.ഒ.ടി. എഗ്രിമെന്റിന്റെ കരടുരൂപം കിട്ടിയിട്ടുണ്ട്. അവ ഗവൺമെന്റ് പരിശോധിച്ചുവരുന്നു.

(ഡി) 28.12.98-ൽ.

LIBRARY ARCHIVES Kerala Legislative Assembly

(ഇ) തുറമുഖ വികസന പദ്ധതിയുടെ ഭാഗമായി കേന്ദ്രസർക്കാർ സ്ഥാപനമായ 'റൈറ്റ്സ്' 2020-ാമാണ്ടുവരെയുള്ള തുറമുഖ സൗകര്യ ആവശ്യ കതകളെപ്പറ്റി ഒരു പഠനം നടത്തിയിരുന്നു. പ്രസ്തുത പഠനത്തിൽ വിഴിഞ്ഞം, കായംകുളം, ബേപ്പൂർ എന്നീ തുറമുഖങ്ങൾ വികസന സാദ്ധ്യതയുള്ളതാ ണെന്ന് കണ്ടെത്തിയിട്ടുണ്ട്. ഇതേപ്പറ്റി കൂടുതൽ പഠനം ആവശ്യമാണ്.

15 (*408) ഗ്യാസ് പൈപ്പ് ലൈൻ ബോംബെ ഹൈയിൽനിന്ന് കേരളത്തിലേയ്ക്ക് നീട്ടിക്കിട്ടണമെന്ന ആവശ്യം

ശ്രീ. ബാബു ദിവാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഗ്യാസ് പൈപ്പ് ലൈൻ ബോംബെ ഹൈയിൽനിന്നും കർണ്ണാട കംവഴി കേരളത്തിലേക്ക് നീട്ടിക്കിട്ടണമെന്ന ആവശ്യം കേന്ദ്രഗവൺമെന്റ് അംഗീകരിച്ചിട്ടുണ്ടോ;

(ബി) പൈപ്പു ലൈൻ പോകുന്നതിന് ഭൂമി അടക്കമുള്ള അടിസ്ഥാന സൗകര്യങ്ങൾ സംസ്ഥാന ഗവൺമെന്റ് നൽകണമെന്ന് കേന്ദ്രഗവൺമെന്റ് എപ്പോഴെങ്കിലും ആവശ്യപ്പെട്ടിട്ടുണ്ടോ;

(സി) ബോംബെ ഹൈയിൽ കത്തിച്ചുകളയുന്ന ഗ്യാസ്, പൈപ്പ് ലൈൻവഴി കേരളത്തിലേയ്ക്ക് നീട്ടിക്കിട്ടണമെന്ന ആവശ്യം സംസ്ഥാനം എപ്പോഴാണ് ആദ്യമായി ഉന്നയിച്ചത്;

(ഡി) കേരളത്തിന്റെ ഈ ആവശ്യത്തോട് സാങ്കേതികമായി എന്തെ ങ്കിലും തടസ്സം കേന്ദ്രഗവൺമെന്റ് അറിയിച്ചിട്ടുണ്ടോ;

(ഇ) സംസ്ഥാനത്തിന്റെ വ്യവസായവൽക്കരണത്തിന് ഈ ഗ്യാസ് ഏതെല്ലാം രീതിയിൽ പ്രയോജനപ്പെടുത്താൻ കഴിയുമെന്ന് പരിശോധിച്ചി ട്ടുണ്ടോ;

(എഫ്)ഇതു സംബന്ധിച്ച് കേന്ദ്രഗവൺമെന്റിന്റെ സമീപനം എന്താ ണെന്ന് വെളിപ്പെടുത്തുമോ?

മുഖ്യമന്ത്രി (ശ്രീ. ഇ.കെ. നായനാർ) :

(എ) അംഗീകരിച്ചതായി അറിവില്ല.

(ബി) ഇപ്രകാരം ഒരാവശ്യം ഉന്നയിച്ചതായി കാണുന്നില്ല.

(സി) ബോംബെ ഹൈയിൽ കത്തിച്ചുകളയുന്ന വാതകം ദക്ഷിണ സംസ്ഥാനങ്ങളുടെയോ കേരളത്തിന്റെയോ ഉപയോഗത്തിന് അപര്യാപ്ത മാണ് എന്നാണ് അറിവ്. അതിനാൽ ബോംബെ ഹൈയിൽനിന്നുള്ള വാതകം പൈപ്പുവഴി ദക്ഷിണ സംസ്ഥാനങ്ങളിലേയ്ക്കോ കേരളത്തിലേയ്ക്കോ കൊണ്ടുവരുന്നത് സാമ്പത്തികാടിസ്ഥാനത്തിൽ വിജയകരമല്ല.

(ഡി) ഇല്ല.

(ഇ) പ്രകൃതി വാതകത്തിന്റെ ലഭ്യത തീർച്ചയായും സംസ്ഥാന ത്തിന്റെ വ്യവസായവൽക്കരണത്തിന് പ്രയോജനപ്പെടും. തെർമൽ പവർ പ്ലാന്റിലെ ഇന്ധനമായും ഫെർട്ടിലൈസർ മുതലായ പ്ലാന്റുകളുടെ അസം സ്കൃത വസ്തുവായും ആണ് പ്രകൃതി വാതകം പ്രധാനമായും ഉപയോഗി ക്കുന്നത്.

406/2010.

LIBRARY ARCHIVES Kerala Legislative Assembly